ദേവമാതാ കോളേജ് കുറവിലങ്ങാട്

മാനേജ്മെന്റ് /കമ്മ്യൂണിറ്റി ക്വോട്ടകളിലേയ്ക്ക് അപേക്ഷിക്കേണ്ട വിധം

- ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകളിലേയ്ക്കുള്ള മാനേജ്മെന്റ് /കമ്മ്യൂണിറ്റി ക്വോട്ടകളിലേയ്ക്ക് www.devamatha.ac.in എന്ന കോളേജ് വെബ്സൈറ്റ് മുഖേന വേണം അപേക്ഷിക്കാൻ.
- വെബ്സൈറ്റിലെ **"Admission"** എന്ന ടാബിനകത്താണ് അപേക്ഷാഫോറവും മറ്റ് നിർദ്ദേശങ്ങളും നൽകിയിട്ടുള്ളത്.
- വെബ്സൈറ്റിൽ നൽകിയിട്ടുള്ള പ്രോസ്പെക്റ്റസിലെ വിവരങ്ങൾ കൃത്യമായി വായിച്ച് മനസ്സിലാക്കിയ ശേഷം നിങ്ങളുടെ വ്യക്തിഗത വിവരങ്ങൾ, ഇമെയിൽ ഐഡി, മൊബൈൽ നമ്പർ എന്നിവ ഉപയോഗിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കുക.
- ആപ്ലിക്കേഷൻ ഫീസ് നൽകുന്നത് ഓൺലൈൻ മുഖേനയല്ലെങ്കിൽ ചെല്ലാൻ പ്രിന്റെടുത്ത് ബാങ്കിൽ പോയി തുകയടച്ചതിന് ശേഷം ലോഗിൻ ചെയ്തു അപേക്ഷാ നടപടികൾ പൂർത്തീകരിക്കുക.
- ഓൺലൈൻ മുഖേന ഫീസ് അടയ്ക്കാൻ ആഗ്രഹിക്കുന്നവർ നിങ്ങൾക്ക് ലഭിക്കുന്ന യൂസർ നെയിമും പാസ്സ്വേഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് ആപ്ലിക്കേഷൻ ഫീസ് അടയ്ക്കുക.
- ഓൺലൈൻ അപേക്ഷാഫോം തെറ്റുകൂടാതെ പൂരിപ്പിച്ച് സബ്മിറ്റ് ചെയ്യുക. സബ്മിറ്റ് ചെയ്ത അപേക്ഷയിലെ വിവരങ്ങൾ പിന്നീട് തിരുത്തുവാൻ സാധിക്കുന്നതല്ല.
- സബ്മിറ്റ് ചെയ്ത ആപ്ലിക്കേഷന്റെ പ്രിന്റ് എടുത്ത് ഒപ്പിട്ട്, അനുബന്ധ രേഖകൾ സഹിതം കോളേജ് ഓഫീസിൽ സമർപ്പിക്കുക.
- യൂണിവേഴ്സിറ്റി സൈറ്റിൽ (https://cap.mgu.ac.in) രജിസ്റ്റർ ചെയ്തവരുടെ അപേക്ഷകൾ മാത്രമെ മാനേജ്മെന്റ്/ കമ്മ്യൂണിറ്റി ക്വോട്ടകളിൽ പരിഗണിക്കുകയുള്ളൂ.
- അന്വേഷണങ്ങൾക്ക് 04822 - 230233, 232951

ശ്രദ്ധിക്കുക

മാനേജ്മെന്റ് & കമ്മ്യൂണിറ്റി ക്വോട്ട ആപ്ലിക്കേഷൻ പെയ്മെന്റ് നടത്തുമ്പോൾ എന്തെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ഉണ്ടാവുകയോ, അക്കൗണ്ടിൽ നിന്ന് പണം പോയിട്ട് ആപ്ലിക്കേഷൻ പൂർത്തീകരിക്കാൻ സാധിക്കാതെ വരികയോ, ഡബിൾ പെയ്മെന്റ് നടത്തുകയോ, മറ്റെന്തെങ്കിലും തടസ്സങ്ങൾ ഉണ്ടാവുകയോ ചെയ്താൽ അപേക്ഷകന്റെ പേര്, ഫോൺ നമ്പർ, Candidate Reference Number, Transaction ID, Bank Reference Number, Payment Date എന്നിവ സഹിതം ഉടൻ തന്നെ **admissions@devamatha.ac.in** എന്ന ഈ മെയിൽ വിലാസത്തിൽ ബന്ധപ്പെടുക.

30/07/2021

DEVA MATHA COLLEGE KURAVILANGAD

പ്രിൻസിപ്പൽ